# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 768 30.06.2011 ൽ മറുപടിക്ക്**

**ചിറ്റാടി എ.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജെയിംസ് മാത്യൂ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു: വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) തളിപ്പറമ്പ് നോർത്ത് സബ് ജില്ലയിൽ ഉൾപ്പെടുന്ന ചിറ്റാടി എ.എൽ.പി.സ്കൂൾ സർക്കാരിലേക്ക് വിട്ടുനൽകുന്നതിനായി മാനേജ്മെന്റും, സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിലേക്കായി പി.ടി.എ യും നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | എ) നിവേദനത്തിന്മേൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് നിയമ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരികയാണ്. |
| ബി) പ്രസ്തുത നിവേദനം എന്നാണ് ലഭിച്ചത്; | ബി) 22.07.2008 ൽ |
| സി) സ്കൂൾ ഏറ്റെടുക്കുന്നതിനുള്ള സാങ്കേതിക തടസ്സം അറിയിക്കുമോ; | സി) സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ കൈവശാവകാശം തെളിയിക്കുന്ന രേഖയുടെ അഭാവമാണ് ഏറ്റെടുക്കുന്നതിന് തടസ്സമായി നിൽക്കുന്നത്. |
| ഡി) തടസ്സം നീക്കി അടിയന്തിരമായി സ്കൂൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) നിയമോപദേശത്തിന് അനുസൃതമായി സ്കൂൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ